സൂറ - 47

# മുഹമ്മദ്

مُحَمَّد

### സൂക്തം 16-18

നൈസർഗികമായ ധർമബോധത്തെ കെടാതെ സംരക്ഷിക്കുന്നവരെ പ്രവാചക സഹവാസവും ധർമോപദേശങ്ങളും കൂടുതൽ സന്മാർഗ തൽപരരാക്കുകയും അവരുടെ ദൈവഭക്തി പരിപോഷിതമാവുകയും ചെയ്യുന്നു. അവരാണ് പ്രവാചക സദസ്സുകളിൽനിന്നും അദ്ദേഹത്തിന്റെ തിരുവചനങ്ങളിൽനിന്നും ജ്ഞാനം നേടുന്നവർ. മനസ്സിനകത്ത് കാപട്യത്തിന്റെ ദീനം വളർത്തുകയും ജഡികേഛകളുടെ പിമ്പെ അന്ധമായി ഗമിക്കുകയും ചെയ്തവർക്ക് ഈ സൗഭാഗ്യം ലഭിക്കുന്നില്ല.

وَمِنْهُم مَّن يَسْتَمِعُ إِلَيْكَ حَتَّىٰٓ إِذَا خَرَجُوا۟ مِنْ عِندِكَ قَالُوا۟ لِلَّذِينَ أُوتُوا۟ ٱلْعِلْمَ
مَاذَا قَالَ ءَانِفًا ۚ أُو۟لَـٰٓئِكَ ٱلَّذِينَ طَبَعَ ٱللَّهُ عَلَىٰ قُلُوبِهِمْ وَٱتَّبَعُوٓا۟ أَهْوَآءَهُمْ ﴿١٦﴾
وَٱلَّذِينَ ٱهْتَدَوْا۟ زَادَهُمْ هُدًى وَءَاتَىٰهُمْ تَقْوَىٰهُمْ ﴿١٧﴾

*16*

*അക്കൂട്ടത്തിൽ ചിലരുണ്ട്: നിന്നിലേക്കു ചെവി പാർക്കുന്നവർ. എന്നിട്ട് നിന്റെ സദസ്സിൽനിന്ന് പുറത്തു കടന്നാൽ ജ്ഞാനം ലഭിച്ചവരോട് ചോദിക്കുകയായി: എന്തോന്നാണ് അയാളിപ്പോൾ പ്രസംഗിച്ചത്? അവരത്രെ അല്ലാഹു ഹൃദയങ്ങൾ അടച്ചു മുദ്ര ചാർത്തിയവർ, സ്വന്തം ജഡികാസക്തികളെ മാത്രം പിന്തുടർന്നവരും.*

*17*

*എന്നാൽ സന്മാർഗം സ്വീകരിച്ചവരെ അല്ലാഹു കൂടുതൽ കൂടുതൽ സന്മാർഗ ദർശനം ചെയ്തുകൊണ്ടിരിക്കുന്നു. അവർക്ക് ഉചിതമായ ദൈവഭക്തിയരുളുകയും ചെയ്യുന്നു.*

| | |
|---|---|
| അവരിൽനിന്ന് യാതൊരുത്തർ (അക്കൂട്ടത്തിൽ ചിലർ) ഉണ്ട് | وَمِنْهُم مَّن |
| നിന്നിലേക്ക് ചെവിപാർക്കുന്ന(വർ) | يَسْتَمِعُ إِلَيْكَ |

| | |
|---|---|
| അങ്ങനെ (എന്നിട്ട്) അവർ പുറത്തു കടന്നാൽ | حَتَّىٰ إِذَا خَرَجُوا |
| നിന്റെ അടുക്ക(സദസ്സി)ൽനിന്ന് | مِنْ عِندِكَ |
| അവർ പറയുക(ചോദിക്കുക)യായി | قَالُوا |
| ജ്ഞാനം ലഭിച്ചവരോട് | لِلَّذِينَ أُوتُوا الْعِلْمَ |
| എന്തോന്നാണ് അയാളിപ്പോൾ പറഞ്ഞ(പ്രസംഗിച്ച)ത്? | مَاذَا قَالَ آنِفًا |
| അവരത്രെ | أُولَٰئِكَ |
| അല്ലാഹു അവരുടെ ഹൃദയങ്ങളിന്മേൽ മുദ്രവെച്ചവരാരോ അവർ (അല്ലാഹു ഹൃദയങ്ങൾ അടച്ചു മുദ്ര ചാർത്തിയവർ) | الَّذِينَ طَبَعَ اللَّهُ عَلَىٰ قُلُوبِهِمْ |
| സ്വന്തം ജഢികാസക്തികളെ പിന്തുടർന്ന(ർന്നവരും) | وَاتَّبَعُوا أَهْوَاءَهُمْ |
| (എന്നാൽ) സന്മാർഗം സ്വീകരിച്ചവർ(വരെ) | وَالَّذِينَ اهْتَدَوْا |
| അവർക്ക് അവൻ സന്മാർഗം വർധിപ്പിക്കുന്നു (അവരെ അല്ലാഹു കൂടുതൽ കൂടുതൽ സന്മാർഗ ദർശനം ചെയ്തു കൊണ്ടിരിക്കുന്നു) | زَادَهُمْ هُدًى |
| അവർക്ക് അവരുടെ തഖ്‌വ നൽകുകയും ചെയ്യുന്നു (ഉചിതമായ ദൈവഭക്തിയരുളുകയും ചെയ്യുന്നു) | وَآتَاهُمْ تَقْوَاهُمْ |

**ലോകാവസാനം അല്ലെങ്കിൽ ഭൗതിക ശിക്ഷ ആഗതമാവുകയാണെങ്കിൽ അപ്പോൾ സത്യവിശ്വാസവും ധർമനിഷ്ഠയും സ്വീകരിച്ചു രക്ഷപ്പെട്ടുകളയാം എന്നു വിചാരിക്കുന്നത് വ്യാമോഹമാകുന്നു. സൃഷ്ടികൾക്ക് മുൻകൂട്ടി നോട്ടീസ് നൽകിക്കൊണ്ടല്ല ഈ രണ്ടു പരിണതിയും സംഭവിക്കുക. ആരും നിനച്ചിരിക്കാതെ, തികച്ചും ആകസ്മികമായിട്ടായിരിക്കും.**

നേരത്തെ 9-ാം സൂക്തത്തിൽ كَرِهُوا مَا أَنزَلَ اللَّهُ എന്നും, 12-ാം സൂക്തത്തിൽ الَّذِينَ كَفَرُوا എന്നും വിശേഷിപ്പിച്ചവരാണ് ഈ സൂക്തത്തിൽ പരാമർശിക്കപ്പെടുന്നവർ. ആ രണ്ടു കൂട്ടരും പരസ്യമായിത്തന്നെ പ്രവാചകനെയും ഖുർആനിനെയും തള്ളിപ്പറയുന്നവരാണ്. ഇത്തരം നിഷേധികൾ അധികവുമുണ്ടായിരുന്നത് മക്കയിലും മദീനയുടെ പുറത്തുള്ള ഗോത്രങ്ങളിലുമായിരുന്നു. മദീനയിൽ അവിശ്വാസികൾ ന്യൂനപക്ഷമായിരുന്നു. ഔസ്, ഖസ്റജ് ഗോത്രങ്ങൾ ഐക്യപ്പെടുകയും ഇരുകൂട്ടരും മുഹമ്മദ് നബിയുടെ ദീനും നേതൃത്വവും സ്വീകരിക്കുകയും ചെയ്തതോടെ ഈ ന്യൂനപക്ഷം പൊതു സമൂഹത്തിൽ ഒറ്റപ്പെടുന്ന അവസ്ഥയായി. അബ്ദുല്ലാഹിബ്നു ഉബയ്യുബ്നു സലൂൽ, രഫാഅത്തുബ്നു സാബിത്ത്, ഹാരിസുബ്നു അംറ്, സൈദുബ്നു സ്വൽത്, മാലികുബ്നു ദഖ്ശം തുടങ്ങിയ അവരുടെ നേതാക്കൾ പോലും അവിശ്വാസം പരസ്യമായി പ്രകടിപ്പിക്കാൻ ധൈര്യപ്പെട്ടില്ല. മുസ്‌ലിം സമൂഹത്തിലുള്ള ഇത്തരം കപടന്മാരെയും അവരുടെ ചെയ്തികളെയും കുറിച്ച് പ്രവാചകനെയും സമൂഹത്തെയും ബോധവാന്മാരാക്കുകയാണ് ഈ സൂക്തം.

പ്രവാചകന്റെ ഉപദേശ നിർദേശങ്ങളിൽ അതീവ തല്പരരാണ് എന്ന ഭാവേന അവർ പ്രവാചകനെ കേട്ടുകൊണ്ടിരിക്കും. വാസ്തവത്തിൽ അവർ അതൊന്നും ഒട്ടും ശ്രദ്ധിക്കുന്നുണ്ടാവില്ല. ശ്രദ്ധിക്കുന്നുണ്ടെങ്കിൽ തന്നെ അത്, പരിഹസിക്കാനും വിമർശിക്കാനും പറ്റിയ വല്ലതും പ്രവാചകന്റെ വായിൽനിന്നു വീണുകിട്ടുമോ എന്നു നോക്കാനായിരിക്കും. പ്രവാചക സഭയിൽനിന്ന് പുറത്തു കടന്നാൽ അവർ യഥാർഥ വിശ്വാസികളോട് ചോദിക്കും: എന്തൊക്കെയാണ് അങ്ങോരിപ്പോൾ പറഞ്ഞുവിട്ടത്? പ്രവാചകൻ പറഞ്ഞത് തങ്ങൾക്ക് നന്നായി ഗ്രഹിക്കാൻ കഴിഞ്ഞില്ലെന്നും അത് ഒന്നു വിശദീകരിച്ചു തന്നാൽ കൊള്ളാമെന്നും ഉള്ള നാട്യത്തിലായിരിക്കും ഇങ്ങനെ ചോദിക്കുന്നത്. ഇതിന് രണ്ടു താൽപര്യമാവാം: 1) പ്രവാചകൻ പ്രസംഗിച്ചുകൊണ്ടിരിക്കുന്ന വിഷയം ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. നിങ്ങൾ അതൊന്നു മനസ്സിലാക്കിത്തരുമോ? 2) ഇയാളിപ്പറയുന്നതൊന്നും ഞങ്ങൾ ശ്രദ്ധിക്കത്തക്ക ഗൗരവമുള്ള കാര്യങ്ങളല്ല. തീരെ ക്ഷുദ്രമായ കാര്യങ്ങൾ ഗുരുതരമായ വിഷയങ്ങളെന്നോണം അവതരിപ്പിക്കുകയാണയാൾ. മറ്റു വിശ്വാസികൾ അത് മന

സ്സിലാക്കേണ്ടത് ആദ്യത്തെ അർഥത്തിലാണെന്ന് നടിക്കുമ്പോഴും അവരുടെ ഉള്ളിലിരിപ്പ് രണ്ടാമത് പറഞ്ഞതായിരിക്കും.

لِلَّذِينَ أُوتُوا الْعِلْمَ എന്നു പറയുന്നത് പ്രവാചക സദസ്സിൽ പങ്കെടുക്കുന്ന യഥാർഥ സത്യവിശ്വാസികളെയാണ്. പ്രവാചകോക്തികൾ ജ്ഞാനോദയങ്ങളാണ്. സത്യവിശ്വാസികൾക്കാണ് അതിൽനിന്ന് ജ്ഞാനം ലഭിക്കുക. مِنْهُم مَّن - അവരിൽ ചിലർ- എന്നു പറഞ്ഞത്, നേരത്തെ كَرِهُوا مَا أَنزَلَ اللَّهُ -അല്ലാഹു അവതരിപ്പിച്ചതിനെ വെറുക്കുന്നവർ- എന്നു വിശേഷിപ്പിച്ചവരെയാണ്. അവരുടെ ആ വെറുപ്പു തന്നെ അവരെ പ്രവാചക ഭാഷണങ്ങളിൽനിന്ന് ജ്ഞാനം ഉൾക്കൊള്ളുന്നതിനെ തടയുന്നു. അവരിൽ ഒരു വിഭാഗം പ്രവാചക സദസ്സുകളിൽ സന്നിഹിതരാകാനോ, അദ്ദേഹത്തെ കേൾക്കാനോ സന്നദ്ധരാകുന്നില്ല. ചിലരാകട്ടെ ആളുകളെ ബോധിപ്പിക്കാൻ പ്രവാചകസദസ്സുകളിൽ എത്തുകയും അദ്ദേഹത്തെ ശ്രദ്ധിക്കുന്നതായി നടിക്കുകയും ചെയ്യും. ദൈവിക വചനങ്ങൾ പഠിക്കാനും മനസ്സിനെ സംസ്കരിക്കാനുമല്ല അവർ അതു കേൾക്കുന്നത്; പ്രത്യുത, നിഷേധിക്കാനും പരിഹസിക്കാനുമാണ്. 9:124-125 സൂക്തങ്ങളിൽ അത് ഇപ്രകാരം വ്യക്തമാക്കിയിരിക്കുന്നു: وَإِذَا مَا أُنزِلَتْ سُورَةٌ فَمِنْهُم مَّن يَقُولُ أَيُّكُمْ زَادَتْهُ هَٰذِهِ إِيمَانًا ۚ فَأَمَّا الَّذِينَ آمَنُوا فَزَادَتْهُمْ إِيمَانًا وَهُمْ يَسْتَبْشِرُونَ. وَأَمَّا الَّذِينَ فِي قُلُوبِهِم مَّرَضٌ فَزَادَتْهُمْ رِجْسًا إِلَىٰ رِجْسِهِمْ وَمَاتُوا وَهُمْ كَافِرُونَ

"ഒരു സൂറ അവതരിക്കുമ്പോൾ, നിങ്ങളിൽ ആരുടെ വിശ്വാസമാണിതു വർധിപ്പിച്ചത് എന്നു ചോദിക്കുന്ന ചിലർ അക്കൂട്ടത്തിലുണ്ട്. എന്നാൽ, സത്യവിശ്വാസികളുടെ ഈമാൻ അതു തീർച്ചയായും വളർത്തുന്നുണ്ട്. അവരതിൽ സന്തുഷ്ടരുമാകുന്നു. കാപട്യ ദീനം ബാധിച്ച മനസ്സുള്ളവരുടെ കാര്യമോ, പുതുതായി കേൾക്കുന്ന ഓരോ സൂറയും അവരുടെ മനോ മാലിന്യം പെരുപ്പിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ അവർ സത്യനിഷേധികളായിത്തന്നെ മരണമടയാൻ സംഗതിയാവുകയും ചെയ്യുന്നു." അത്തരം ആളുകൾ അല്ലാഹുവിനാൽ ഹൃദയം അടച്ചുപൂട്ടപ്പെട്ടവരാണ്. 'അല്ലാഹു ഹൃദയം അടച്ചുപൂട്ടുക' എന്നതിന്റെ താൽപര്യം നേരത്തെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. طَبَعَ اللَّهُ എന്നാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. മുദ്രണമാണ് طبع. അച്ചടിച്ച പുസ്തകം كتاب مطبوع ആണ്. സീൽ ചെയ്യുക, ചാപ്പകുത്തുക എന്ന അർഥത്തിലും طبع ഉപയോഗിക്കുന്നു. അല്ലാഹു ഹൃദയങ്ങൾ അടച്ചു സീൽ ചെയ്തിരിക്കുന്നു എന്നാണ് طَبَعَ اللَّهُ عَلَىٰ قُلُوبِهِمْ ന്റെ താൽപര്യം. അതിലേക്ക് ഇനി ജ്ഞാനപ്രകാശം കടന്നുചെല്ലുകയോ അതിൽനിന്ന് ഘനാന്ധകാരം പുറത്തുകടക്കുകയോ സാധ്യമല്ല. 9:124-ലെ فَأَمَّا الَّذِينَ آمَنُوا فَزَادَتْهُمْ إِيمَانًا وَهُمْ يَسْتَبْشِرُونَ എന്ന വാക്യത്തിന്റെ മറ്റൊരു ഭാഷ്യമാണ് وَالَّذِينَ اهْتَدَوْا زَادَهُمْ هُدًى وَآتَاهُمْ تَقْوَاهُمْ എന്ന വാക്യം. അതായത്, നൈസർഗികമായ ധർമബോധത്തെ കെടാതെ സംരക്ഷിക്കുന്നവരെ പ്രവാചക സഹവാസവും ധർമോപദേശങ്ങളും കൂടുതൽ സന്മാർഗ തൽപരരാക്കുകയും അവരുടെ ദൈവ ഭക്തി പരിപോഷിതമാവുകയും ചെയ്യുന്നു. അവരാണ് പ്രവാചക സദസ്സുകളിൽനിന്നും അദ്ദേഹത്തിന്റെ തിരുവചനങ്ങളിൽനിന്നും ജ്ഞാനം നേടുന്നവർ. മനസ്സിനകത്ത് കാപട്യത്തിന്റെ ദീനം വളർത്തുകയും ജഡികേച്ഛകളുടെ പിമ്പെ അന്ധമായി ഗമിക്കുകയും ചെയ്യുവർക്ക് ഈ സൗഭാഗ്യം ലഭിക്കുന്നില്ല. ●

**ഭൗതിക ശിക്ഷയെ സംബന്ധിച്ചേടത്തോളം, വിവിധ സമൂഹങ്ങൾ ഇടക്കിടെ ഇരകളായിക്കൊണ്ടിരിക്കുന്ന വരൾച്ച, ക്ഷാമം, പ്രളയം പോലുള്ള ദുരന്തങ്ങൾ അവരെ മുച്ചൂടും നശിപ്പിച്ചുകളയാവുന്ന മഹാ ദുരന്ത സാധ്യത വിളിച്ചോതുന്നുണ്ട്. അത് ഏതു നിമിഷത്തിലും തലക്കു മീതെ പൊട്ടിവീഴാവുന്നതാണ്.**

فَهَلْ يَنظُرُونَ إِلَّا ٱلسَّاعَةَ أَن تَأْتِيَهُم بَغْتَةً ۖ فَقَدْ جَآءَ أَشْرَاطُهَا ۚ فَأَنَّىٰ لَهُمْ إِذَا جَآءَتْهُمْ ذِكْرَىٰهُمْ ﴿١٨﴾

*18*

*ആകസ്മികമായി അന്ത്യനാൾ വന്നെത്തുന്നതല്ലാതെ മറ്റെന്തെങ്കിലും അവർ പ്രതീക്ഷിക്കുന്നുണ്ടോ? അതിന്റെ ലക്ഷണങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു. അതുതന്നെ സമാഗതമായാൽ പിന്നെ അവർക്ക് സന്മാർഗബോധത്തിനവസരം ലഭിക്കുന്നതെങ്ങനെയാണ്?*

## ഖുർആൻ ബോധനം

| | |
|---|---|
| അവർ പ്രതീക്ഷിക്കുന്നുണ്ടോ, കാത്തിരിക്കുകയാണോ? | فَهَلْ يَنظُرُونَ |
| ആ സമയം (അന്ത്യനാൾ) അല്ലാതെ (മറ്റെന്തെങ്കിലും) | إِلَّا السَّاعَةَ |
| അത് ആകസ്മികമായി വന്നെത്തുന്നത് | أَن تَأْتِيَهُم بَغْتَةً |
| തീർച്ചയായും വന്നുകഴിഞ്ഞിരിക്കുന്നു | فَقَدْ جَاءَ |
| അതിന്റെ ലക്ഷണങ്ങൾ, അടയാളങ്ങൾ | أَشْرَاطُهَا |
| അപ്പോൾ (പിന്നെ) എങ്ങനെയാണ് അവർക്ക് (അവസരം ലഭിക്കുന്നത്?) | فَأَنَّىٰ لَهُمْ |
| അത് (അന്ത്യനാൾ തന്നെ) അവർക്കു സമാഗതമായാൽ | إِذَا جَاءَتْهُمْ |
| അവരുടെ ഓർമക്ക് (സന്മാർഗ ബോധത്തിന്) | ذِكْرَاهُمْ |

**ഓരോ വ്യക്തിയുടെയും മരണം തന്നെ അയാളുടെ ലോകാവസാനത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും അടയാളമാകുന്നു. മരണം എത്രകണ്ട് ഉറപ്പായതും സമീപസ്ഥവുമാണോ അത്രതന്നെ ഉറപ്പായതും സമീപസ്ഥവുമാണ് ഉയിർത്തെഴുന്നേൽപും.**

പത്താം സൂക്തം മുതൽ ഇതു വരെ പറഞ്ഞുവന്ന, വിശ്വാസ സത്യത്തെയും സദാചാരത്തെയും കുറിച്ച് മനുഷ്യരിലെ രണ്ടു വിഭാഗങ്ങൾ സ്വീകരിക്കുന്ന വിരുദ്ധ സമീപനം മുൻനിറുത്തി ചോദിക്കുകയാണ്: സത്യ-ധർമങ്ങൾ ഗ്രഹിക്കാനും അനുസരിക്കാനും ആവശ്യമായ ഉപാധികളെല്ലാം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തരുടെയും അകതാരിൽ തന്നെ ധർമബോധത്തിന്റെ വിത്തിട്ടു. അതു വളർത്താനും പ്രകാശിപ്പിക്കാനും പാകത്തിൽ പ്രവാചകന്മാരും വേദപുസ്തകങ്ങളും നിയുക്തമായി. ഇപ്പോഴിതാ അന്ത്യപ്രവാചകനും അന്തിമ വേദവും വന്നുകഴിഞ്ഞിരിക്കുന്നു. ഇതൊന്നും ഈ അവിശ്വാസികളെ സത്യത്തിലേക്കും ധർമത്തിലേക്കും നയിക്കുന്നില്ലെങ്കിൽ, ഇനിയും സന്മാർഗം പ്രാപിക്കാനും ജീവിതം സഫലീകരിക്കാനും എന്താണവർക്ക് കാത്തിരിക്കാനുള്ളത്; അവരുടെയും ലോകത്തിന്റെയും അവസാനമല്ലാതെ? السَّاعَةَ-ന്റെ ഭാഷാർഥം ആ സമയം, നിശ്ചിത സമയം എന്നാണ്. ഖുർആൻ ഇത് രണ്ട് ആശയങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു. 1) ലോകാവസാനം ഉയിർത്തെഴുന്നേൽപ്പുനാൾ. 2) സത്യനിഷേധികളെ പ്രവാചകന്മാർ താക്കീതു ചെയ്തിരുന്നതും, നിഷേധികൾ സംഭവിക്കാൻ തിരക്കുകൂട്ടി വെല്ലുവിളിച്ചുകൊണ്ടിരുന്നതുമായ ഭൗതികമായ ദൈവശിക്ഷ. പല സന്ദർഭങ്ങളിലും ഈ രണ്ടാശയവും ഒരുമിച്ചുദ്ദേശിച്ചാണ് السَّاعَةَ ഉപയോഗിച്ചിട്ടുള്ളത്. അത്തരം ഒരു സന്ദർഭമാണിത്. ഖുറൈശികൾ മുഹമ്മദ് (സ) മുന്നറിയിപ്പു നൽകിയ ഉയിർത്തെഴുന്നേൽപിനെ അസന്ദിഗ്ധമായി നിഷേധിച്ചിരുന്നു. മരിച്ചുപോയവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുമെങ്കിൽ ഞങ്ങളുടെ പൂർവികരെയൊക്കെ ഒന്ന് ഉയിർത്തെഴുന്നേൽപിച്ചാട്ടെ എന്ന് വെല്ലുവിളിക്കുകയും ചെയ്തു. പ്രവാചകനെയും അദ്ദേഹം പ്രബോധനം ചെയ്യുന്ന ദൈവിക സന്ദേശത്തെയും തള്ളിക്കളഞ്ഞ് അസത്യത്തിന്റെയും അധർമത്തിന്റെയും പാതയിലൂടെ ശഠിച്ചു മുന്നേറുന്നവർ ഈ ലോകത്തുതന്നെ ശിക്ഷിക്കപ്പെടുന്ന ഒരു നിർണായക നിമിഷത്തെക്കുറിച്ചുള്ള താക്കീതിനെയും അവർ വെല്ലുവിളിച്ചിരുന്നു. അവർ വെല്ലുവിളിച്ചുകൊണ്ടിരിക്കുന്ന ഐഹികവും പാരത്രികവുമായ പരിണതികളല്ലാതെ ദൈവധിക്കാരികൾക്ക് ഇനിയൊന്നും പ്രതീക്ഷിക്കാനില്ല എന്ന് ഉണർത്തുകയാണ്. ലോകാവസാനം അല്ലെങ്കിൽ ഭൗതിക ശിക്ഷ ആഗതമാവുകയാണെങ്കിൽ അപ്പോൾ സത്യവിശ്വാസവും ധർമനിഷ്ഠയും സ്വീകരിച്ചു രക്ഷപ്പെട്ടുകളയാം എന്നു വിചാരിക്കുന്നത് വ്യാമോഹമാകുന്നു. സൃഷ്ടികൾക്ക് മുൻകൂട്ടി നോട്ടീസ് നൽകിക്കൊണ്ടല്ല ഈ രണ്ടു പരിണതിയും സംഭവിക്കുക. ആരും നിനച്ചിരിക്കാതെ, തികച്ചും ആകസ്മികമായിട്ടായിരിക്കും. അപ്പോൾ ജീവിതം വീണ്ടെടുക്കുന്നതിരിക്കട്ടെ, ആർക്കും അന്ത്യാഭിലാഷം പങ്കുവെക്കാനോ പുറത്തിറങ്ങിയവർക്ക് കുടുംബത്തിൽ തിരിച്ചെത്താനോ അവസരം ലഭിക്കുകയില്ല. فَلَا يَسْتَطِيعُونَ تَوْصِيَةً وَلَا إِلَىٰ أَهْلِهِمْ يَرْجِعُونَ (അവർക്ക് പരസ്പരം വസ്യത്തു ചെയ്യാനാവില്ല. സ്വന്തം കുടുംബത്തിലേക്ക് മടങ്ങാനും കഴിയില്ല -36:50).

السَّاعَةَ സംഭവിക്കുന്നത് യാദൃച്ഛികമായിട്ടാണെങ്കിലും അങ്ങനെയൊന്നിന്റെ സംഭവ്യത സൂചിപ്പിക്കുന്ന അനേകം ലക്ഷണങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു. ഭൗതിക ശിക്ഷയെ സംബ

ഡിച്ചേടത്തോളം, വിവിധ സമൂഹങ്ങൾ ഇടക്കിടെ ഇരകളായിക്കൊണ്ടിരിക്കുന്ന വരൾച്ച, ക്ഷാമം, പ്രളയം പോലുള്ള ദുരന്തങ്ങൾ അവരെ മുച്ചൂടും നശിപ്പിച്ചുകളയാവുന്ന മഹാ ദുരന്ത സാധ്യത വിളിച്ചോതുന്നുണ്ട്. അത് ഏതു നിമിഷത്തിലും തലക്കു മീതെ പൊട്ടിവീഴാവുന്നതാണ്. ഉയിർത്തെഴുന്നേൽപ് സമീപസ്ഥമായതിന്റെ അടയാളങ്ങൾ രണ്ടു തരത്തിലുണ്ട്: 1) അന്ത്യപ്രവാചകന്റെയും അന്തിമ വേദത്തിന്റെയും ആഗമനം. ലോകാവസാനത്തിനു മുമ്പ് ഇനിയൊരു പ്രവാചകനോ വേദമോ വരാനില്ല. തനിക്കും ഖിയാമത്തു നാളിനുമിടയിൽ ഈ അകലമേയുള്ളൂ എന്ന് നബി (സ) തന്റെ ചൂണ്ടുവിരലും നടുവിരലും വിടർത്തിക്കാണിച്ചുകൊണ്ട് പ്രസ്താവിച്ചതായി നിവേദനമുണ്ട്. 2) ഓരോ വ്യക്തിയുടെയും മരണം തന്നെ അയാളുടെ ലോകാവസാനത്തിന്റെയും ഉയിർത്തെഴുന്നേൽപിന്റെയും അടയാളമാകുന്നു. മരണം എത്രകണ്ട് ഉറപ്പായതും സമീപസ്ഥവുമാണോ അത്രതന്നെ ഉറപ്പായതും സമീപസ്ഥവുമാണ് ഉയിർത്തെഴുന്നേൽപും. 'ഒരുവൻ മരിക്കുന്നതോടുകൂടി അയാളുടെ ഖിയാമം നിലവിൽ വന്നു' എന്ന ഒരു നബിവചനമുണ്ട്. അബൂ ഹുറയ്റ ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: "ഖബ്ർ ഒരു സ്വർഗീയാരാമമോ അല്ലെങ്കിൽ ഒരു നരക കുണ്ഡമോ ആകുന്നു." ഇബ്നു ഉമർ ഉദ്ധരിച്ച ഒരു നിവേദനത്തിൽ പറയുന്നു: "മനുഷ്യൻ മരിച്ചാൽ അവന്ന് പ്രഭാതത്തിലും പ്രദോഷത്തിലും തന്റെ സ്ഥാനം പ്രദർശിപ്പിക്കപ്പെടുന്നതാണ്. സ്വർഗാവകാശിയെങ്കിൽ സ്വർഗാവകാശികളിൽ. നരകാവകാശിയെങ്കിൽ നരകാവകാശികളിൽ. അവരോട് പറയപ്പെടും: ഉയിർത്തെഴുന്നേൽപു നാളിൽ അല്ലാഹു നിന്നെ എഴുന്നേൽപിക്കുന്നതു വരെ ഇതാണ് നിന്റെ ഇരിപ്പിടം."

അടയാളവും ലക്ഷണവുമായ شَرَط ന്റെ ബഹുവചനമാണ് أَشْرَاط. ഇവിടെ ദൈവിക ശിക്ഷയുടെ അല്ലെങ്കിൽ ഉയിർത്തെഴുന്നേൽപിന്റെ അടയാളങ്ങളാണ് أَشْرَاط. നിവേദനങ്ങളിൽ നിരവധി ലക്ഷണങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു. അവയ്ക്ക് ആധികാരികത കുറവാണ്. ഈസാ നബിയുടെയും മഹ്ദിയുടെയും ആഗമനം, ദജ്ജാലിന്റെ പുറപ്പാട്, അധർമങ്ങളുടെയും അക്രമങ്ങളുടെയും വ്യാപനം, സുഖഭോഗങ്ങളുടെ വികാസം തുടങ്ങിയവ ലോകാവസാനത്തിന്റെ പ്രസിദ്ധമായ അടയാളങ്ങളിൽ പെടുന്നു.

السَّاعَةَ ന്റെ അടയാളങ്ങൾ ഗ്രഹിച്ച് അതിന്റെ ആഗമനം ജാഗ്രതയോടെ കാത്തിരിക്കുകയും അതിന്റെ കെടുതികളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങൾ ആരായുകയുമാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്. അതു സംഭവിച്ചുകഴിഞ്ഞ ശേഷം രക്ഷാമാർഗം ആലോചിച്ചിട്ട് കാര്യമില്ല. ഐഹികമായ ദൈവിക ശിക്ഷ, അല്ലെങ്കിൽ ഉയിർത്തെഴുന്നേൽപ് വന്നുകഴിഞ്ഞാൽ പിന്നെ, പ്രവാചകനിലും വേദത്തിലും വിശ്വസിക്കാനും ജീവിതം സംസ്കരിക്കാനും അവസരം കിട്ടുന്നതെങ്ങനെയാണ്? പ്രവാചക സന്ദേശം സ്വീകരിക്കാനും പ്രബുദ്ധരാകാനുമുള്ള അവസരം ശിക്ഷയും ഖിയാമത്തും അഭൗതിക ലോകത്തെ തിരശ്ശീലക്കു പിന്നിൽ മറഞ്ഞിരിക്കുന്ന ഘട്ടമാണ്. തിരശ്ശീല നീക്കി വെളിപ്പെട്ടു കഴിഞ്ഞാൽ പിന്നെ അത് അനുഭവിക്കുകയല്ലാതെ ഗത്യന്തരമില്ല. 44:13-ൽ أَنَّىٰ لَهُمُ الذِّكْرَىٰ وَقَدْ جَاءَهُمْ رَسُولٌ مُّبِينٌ എന്നു പറഞ്ഞതിനു സമാനമാണ് فَأَنَّىٰ لَهُمْ إِذَا جَاءَتْهُمْ ذِكْرَاهُمْ എന്ന വാക്യം. ദൈവദൂതൻ വന്ന് സുവ്യക്തമായ മുന്നറിയിപ്പുകളും താക്കീതുകളും നൽകിയപ്പോൾ അതെല്ലാം തള്ളിക്കളഞ്ഞ് അസത്യവും അധർമവും ആചരിച്ചവർ ദൈവശിക്ഷയും അന്ത്യദിനവും യാഥാർഥ്യമായിക്കഴിഞ്ഞ ശേഷം അതെക്കുറിച്ച് വേവലാതിപ്പെട്ടിട്ടെന്തു പ്രയോജനം എന്നാണിവിടെ ചോദിക്കുന്നത്. ●

**السَّاعَةَ-ന്റെ അടയാളങ്ങൾ ഗ്രഹിച്ച് അതിന്റെ ആഗമനം ജാഗ്രതയോടെ കാത്തിരിക്കുകയും അതിന്റെ കെടുതികളിൽനിന്ന് രക്ഷപ്പെടാനുള്ള മാർഗങ്ങൾ ആരായുകയുമാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്. അതു സംഭവിച്ചുകഴിഞ്ഞ ശേഷം രക്ഷാമാർഗം ആലോചിച്ചിട്ട് കാര്യമില്ല.**